ശ്രീ. കെ. പി. രാമൻ: ഈ ഉത്തരവിന് വിരുദ്ധമായി ഇസ്ലാമിക് ഹിസ്റ്ററി ഒരു ഫസൽ ആയി ഒരാളെ നിയമിച്ചിട്ടുണ്ടെന്നു കേൾക്കുന്നത് ശരിയാണോ? കാരണം എന്താണെന്നു വ്യക്തമാക്കാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: നോട്ടീസ് വേണം.

ശ്രീ. ഇ. പി. ഗോപാലൻ: സിലബസ് പരിഷ്കരണം കോളെയുള്ള പരിഷ്കരണങ്ങൾ നടപ്പാക്കുമ്പോൾ ഗവൺമെന്റ് കോളേജിൽ അതു ആദ്യം നടപ്പാക്കുകയും അതിന്റെ ഫലമായിട്ട് അദ്ധ്യാപകരുടെ എണ്ണം വർദ്ധിപ്പിക്കേണ്ടി വരികയും, എന്നാൽ കൂടുതൽ പോസ്റ്റുകൾ ആവശ്യമായ വിഷയങ്ങൾ സർക്കാർ കോളേജുകളിൽനിന്ന് തള്ളപ്പെടുകയും ചെയ്യുന്നതിനെ പരിഗണിച്ച് ആ മാതിരി അനാമലി തീർക്കുന്നതിന് ശ്രമിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അനാമലി തീർക്കുന്നതിന് ശ്രമിക്കുന്നതാണ്.

(618-ാം നമ്പർ ചോദ്യം ചോദിച്ചില്ല.)

കെ. എഫ്. സി. നൽകുന്ന വായ്പ

* 581 [619] ശ്രീ. പി. സി. ജോസഫ്:

ശ്രീ. എം. വി. മാണി:

ശ്രീ. ഈപ്പൻ കണ്ടക്കുടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എഫ്. സി. വ്യവസായങ്ങൾക്കും മറ്റ് ആവശ്യങ്ങൾക്കുമായി എത്ര കോടി രൂപ വായ്പയായി നൽകിയിട്ടുണ്ട്;

(ബി) കെ. എഫ്. സി. യിൽനിന്നും ലോൺ എടുക്കുന്നതിന് സാധാരണക്കാർക്ക് വളരെയേറെ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അവ പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ):

(എ) 28-2-1978 വരെ 38.3 കോടി രൂപ വ്യവസായങ്ങൾക്കു ധന സഹായമായി നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) വായ്പാപേക്ഷകരുടെ ബുദ്ധിമുട്ട് പരിഹരിക്കുവാൻ കെ. എഫ്. സി. പല നടപടികളും സ്വീകരിച്ചുവരികയാണ്.

ശ്രീ. പി. സി. ജോസഫ്: കെ. എഫ്. സി. തുടങ്ങിയ കാലം മുതൽക്കേ അതിനെക്കുറിച്ച് വളരെ പരാതികളും ആക്ഷേപങ്ങളും ഉണ്ട്. അവിടെനിന്നും പണം കിട്ടാൻ പ്രയാസമാണെന്നും കിട്ടിയാൽ തിരിച്ചടയ്ക്കേണ്ട എന്നുമാണ് ആളുകളുടെ ധാരണ. കെ. എഫ്. സി. യുടെ ഏജൻസിക്ക്, രൂപ നൽകിയതിനുശേഷമേ സാധാരണക്കാരന് പണം ലഭ്യമാകാറുള്ളൂ. പണം ലഭിക്കുന്നതിനുള്ള ഈ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. വരദരാജൻ നായർ: കെ. എഫ്. സി. യിൽ നിന്നല്ല, എവിടെ നിന്നു പണം വാങ്ങിച്ചാലും തിരിച്ചടയ്ക്കണം. ഏജൻസികൾക്ക് പണം കൊടുക്കണമെന്നുള്ളകാര്യം ഇതേവരെ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. ആവശ്യമുള്ളവർക്കു കിട്ടുന്നതിനുവേണ്ട മാർഗ്ഗങ്ങൾ ലഘൂകരിക്കുന്നതിന് വളരെയധികം കാര്യങ്ങൾ ഇന്ന് കെ. എഫ്. സി. ചെയ്തിട്ടുണ്ട്. ഒരു സമയ പരിധിക്കുള്ളിൽ ഇതെല്ലാം പരിശോധിച്ച് അനുവദിക്കാവുന്നതാണെങ്കിൽ അനുവദിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. 25 വർഷത്തെ ബാദ്ധ്യതാസർട്ടിഫിക്കറ്റ് വേണമെന്നത് പതിമൂന്നു വർഷത്തേക്കു മതി എന്നു തീരുമാനിച്ചിട്ടുണ്ട്. ഇക്യുറ്റബിൾ മോർട്ടുഗേജ് മതി എന്നും തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. പി. സി. ജോസഫ്: സ്വന്തം ചുമതലയിലും ഉത്തരവാദിത്വത്തിലും വ്യവസായം നടത്താൻ കഴിവുള്ള ആളുകൾ ഇവിടെ വന്നാൽ ഇന്നു നിലവിലുള്ള വ്യവസ്ഥ ഇത്തരം ആളുകളെ നിരുത്സാഹപ്പെടുത്തുന്നതാണെന്നു വസ്തുത കണക്കിലെടുത്തുകൊണ്ട് കെ. എഫ്. സി. യിലെ അപേക്ഷകർക്കു ഒരു സമയ ബന്ധിത പരിപാടി ആവിഷ്കരിക്കുകയുണ്ടായി എന്നു മന്ത്രി പറഞ്ഞു. കൃത്യ സമയപരിധിക്കുള്ളിൽ ന്യായമായ എല്ലാ രേഖകളും ഹാജരാക്കിയശേഷം പണം കിട്ടുന്നില്ലെന്നു പരാതി ഉണ്ടെങ്കിൽ അതു പരിഹരിക്കുന്നതിനുവേണ്ടിയും അതിനെ സംബന്ധിച്ച തീരുമാനം എടുക്കുന്നതിനുവേണ്ടിയും അധികാരം വേണ്ടത്രയുള്ള ഒരു ഏജൻസിയെ ഏർപ്പെടുത്തുന്നതിന് ദയവുണ്ടാകുമോ?

ശ്രീ. എസ്. വരദരാജൻ നായർ: കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണക്കാർ പരാതിക്കാർ തന്നെയാണെന്നാണ് പരിശോധനയിൽനിന്നും മനസ്സിലാകുന്നത്. ആവശ്യമുള്ള രേഖകളൊന്നും കൊടുക്കാതെ കാലതാമസം നേരിടുമ്പോഴും കാലതാമസം നേരിട്ടു എന്നു പറയുകയും രേഖകൾ കൊടുത്തതിന്റെ പിറേറദിവസം പണം വേണമെന്നു പറയുകയും ചെയ്യുന്ന ഇടപാടുകൾ വളരെയധികം കാണുന്നുണ്ട്. കൊടുക്കേണ്ട എല്ലാ രേഖകളും സമയപരിധിക്കുള്ളിൽ കൊടുത്തിട്ടും സഹായധനം കിട്ടാതെയിരുന്നാൽ അത്തരം പരാതികൾ പരിഗണിക്കുന്നതാണ്.

ശ്രീ. എം. വി. മാണി: തൊട്ടയൽസംസ്ഥാനമായ തമിഴ്നാട്ടിൽ കെ. എഫ്. സി. തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കുറഞ്ഞ പലിശക്ക് പെട്ടെന്ന് കൊടുക്കുന്ന ഏർപ്പാടുണ്ട്. ഇവിടെ വ്യവസായം നടത്തുന്ന ആളുകൾ കെ. എഫ്. സി. യിൽ വായ്പയ്ക്കു ചെന്നിട്ട് സമയത്തിനുകിട്ടാതെ നിരാശപ്പെടുന്ന സ്ഥിതിവിശേഷം ഒഴിവാക്കുന്നതിന് തമിഴ്നാട്ടിൽ കുറഞ്ഞപലിശക്ക്, ഒരു സമയബന്ധിത പരിപാടി സ്വീകരിച്ചിരിക്കുന്നത് ഇവിടെയും ഏർപ്പെടുത്താൻ ദയവുണ്ടാകുമോ?

ശ്രീ. എസ്. വരദരാജൻ നായർ: സർ, ഇതൊക്കെ വാക്കുകളാണ്. സമയബന്ധിത പരിപാടിയെന്നും തീവ്രയത്ന പരിപാടി എന്നും ഒക്കെ പറയുന്നത് ആകർഷകങ്ങളായ വാക്കുകളാണ്. അതിനേറെയുള്ള ബുദ്ധിമുട്ടുകളുണ്ട്. തമിഴ്നാട്ടിൽ കുറെക്കൂടി ലഘുവായി ചെയ്യുന്നു എന്ന കാര്യം ശരിയായിരിക്കാം. എങ്കിലും പെരുവായി പണം കൊടുക്കുന്ന അവസരത്തിൽ അതിനേറെയുള്ള എല്ലാ കാര്യങ്ങളും പരിശോധിച്ചതിനു ശേഷമേ കൊടുക്കാൻ ഒക്കുകയുള്ളൂ. കൊടുക്കുന്ന ആൾ ഉത്തരവാദിയായിരിക്കുന്നിടത്തോളംകാലം കർശനമായ പരിശോധനയ്ക്കുശേഷം മാത്രമേ കൊടുക്കുകയുള്ളൂ. അപേക്ഷിക്കുന്നവരുംകൂടി സഹകരിക്കു

LIBRARY ARCHIVES Kerala Legislative Assembly

മെന്നുണ്ടെങ്കിൽ തീർച്ചയായും വളരെയധികം ലഘൂകരിക്കാൻ കഴിയും. വ്യവസായത്തിനുവേണ്ടി മുന്നോട്ടു വരുന്ന ആളുകൾക്കാവശ്യമുള്ള എല്ലാ കാര്യങ്ങളും ഒരുമിച്ചു ലഭ്യമാകുന്നതിനുവേണ്ടി അതായതു ബന്ധപ്പെട്ട ഉദ്യോഗസ്ഥർമാരെ വരുത്തി ഉടനെതന്നെ ലഭ്യമാക്കാൻ തക്കവണ്ണമുള്ള ഒരു സംവിധാനം ഉണ്ടാക്കാൻ ഗവൺമെൻറ് ഇപ്പോഴും നടപടി എടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. പി. മാണി: തമിഴ്നാട്ടിൽ സ്വീകരിച്ചിരിക്കുന്ന ലഘൂകരിച്ച സിസ്റ്റമെങ്കിലും ഇവിടെ നടപ്പാക്കാൻ ദയവുണ്ടാകുമോ?

ശ്രീ. എസ്. വരദരാജൻ നായർ: പരിശോധിക്കാൻ പറയാം.

ശ്രീ. ഈപ്പൻ കണ്ടക്കുടി: ചെറുകിട വ്യവസായികൾക്കു ലോൺ കൊടുക്കുന്നതിനുള്ള പലിശ കുറയ്ക്കുന്നതിനെ സംബന്ധിച്ച് കെ. എഫ്. സി. എന്തെങ്കിലും നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ? അതിൻമേൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ?

ശ്രീ. എസ്. വരദരാജൻ നായർ: നോട്ടീസ് വേണം.

ശ്രീ. ഈപ്പൻ കണ്ടക്കുടി: ഇതിനുമുമ്പ് ഗവൺമെൻറ് കെ.എഫ്.സി. യിൽനിന്നും എടുത്ത ലോണിന് പലിശയിനത്തിൽ കെ. എഫ്. സി. ക്ക് കൊടുക്കാനുള്ള തുക കൊടുക്കാത്തതിൻെറ പേരിൽ വ്യവസായികളിൽ നിന്നും കെ. എഫ്. സി. അമിത പലിശ ഈടാക്കുന്നുവെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? അതിന് എന്തെങ്കിലും പരിഹാരമാർഗ്ഗം കാണാൻ ദയവുണ്ടാകുമോ?

ശ്രീ. എസ്. വരദരാജൻ നായർ: പരിശോധിക്കാം.

ശ്രീ. കെ. പി. നൂറുദ്ദീൻ: അപേക്ഷകർമാരുടെ പ്രയാസങ്ങൾ ലഘൂകരിക്കുന്നതിനുവേണ്ടി കെ. എഫ്. സി. യുടെ ബ്രാഞ്ചുകൾ എല്ലാ ജില്ലാ തലസ്ഥാനങ്ങളിലും സ്ഥാപിക്കാൻ ഉദ്ദേശ്യമുണ്ടായിരുന്നു. ഇപ്പോഴുണ്ടോ? ഉണ്ടെങ്കിൽ എത്ര രൂപയുടെ ലോൺവരെ പാസ്സാക്കാൻ അധികാരമുണ്ടായിരിക്കും? ചെക്കുകളും അവിടെത്തന്നെ കൊടുക്കുമോ?

ശ്രീ. എസ്. വരദരാജൻ നായർ: എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ബ്രാഞ്ചുകൾ തുറക്കാൻ തീരുമാനിച്ചിട്ടുണ്ട്. പക്ഷേ ശാഖകൾ തുറക്കുന്നതിനുമുൻപ് ജീവനക്കാരെ നിയമിക്കണം. പബ്ലിക് സർവീസ് കമ്മീഷൻ വഴിയാണ് നിയമിക്കേണ്ടത്. അതിൻെറ താമസംകൊണ്ടാണു തുറക്കാത്തത്. ജീവനക്കാരെ ലഭിച്ചാലുടനെ തുറക്കും.

ശ്രീ. എ. പി. കുര്യൻ: 38 കോടിയിൽപരം രൂപ ലോൺ കൊടുത്തതിൽ അടച്ചുതീർക്കേത്തത് എത്ര ശതമാനം വരും? വ്യാവസായികാവശ്യത്തിനു വാങ്ങിയിട്ട് വ്യവസായസ്ഥാപനം തുടങ്ങാത്തവരുടെ പേരിൽ എന്തു നടപടി സ്വീകരിച്ചു?

ശ്രീ. എസ്. വരദരാജൻ നായർ: പ്രത്യേകം ചോദ്യം ചോദിച്ചാൽ പറയാം.

ശ്രീ. കെ. സി. വാമദേവൻ: കെ. എഫ്. സി. യിൽനിന്നു ലോൺ വാങ്ങിക്കൊടുക്കണമെങ്കിൽ എന്നെ സമീപിക്കുക എന്ന് ബോർഡെഴുതിവച്ച് എറണാകുളത്ത് ഒരാൾ ഒരാഫീസ് തുറന്നു പ്രവർത്തിച്ചതിനെപ്പറ്റി കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ ശ്രീ. ആർ. എസ്. ഉണ്ണി പറഞ്ഞിരുന്നു. പത്രത്തിലും ഉണ്ടായിരുന്നു. അതിനെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ? ഫലം എന്തായി?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. വരദരാജൻ നായർ: എന്റെ കൈവശം റിക്കാർഡില്ല. അന്വേഷിക്കാം.

ശ്രീ. ഒ. ലൂക്കോസ്: കെ. എഫ്. സി. യിൽനിന്നുള്ള ലോണിനു കൊടുക്കുന്ന അപേക്ഷകളിൽ കാണുന്ന ന്യൂനതകളെപ്പറ്റി പറഞ്ഞു. ന്യൂനതകൾ ഉണ്ടാകാം. പക്ഷേ ആദ്യത്തെ ന്യൂനത തിരുത്തി അപേക്ഷയുമായി ചെല്ലുമ്പോൾ വീണ്ടും ഒരു ന്യൂനത ചൂണ്ടിക്കാണിക്കുകയും അതും തിരുത്തിക്കൊണ്ടു ചെല്ലുമ്പോൾ മറ്റൊരു ന്യൂനത ചൂണ്ടിക്കാണിക്കുകയും അങ്ങനെ ന്യൂനതകളുടെ ഒരു ശൃംഖല തന്നെ ഉണ്ടാക്കുകയും ചെയ്യുന്ന ഏർപ്പാടവസാനിപ്പിക്കുമോ?

ശ്രീ. എസ്. വരദരാജൻ നായർ: എല്ലാ ന്യൂനതയും ഒരുമിച്ചുതന്നെ ചൂണ്ടിക്കാണിക്കണമെന്നു നിർദ്ദേശം കൊടുക്കാം.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: കെ. എഫ്. സി. യിൽ നിന്നു പണത്തിനപേക്ഷിക്കുന്നവർ ജാമ്യം നൽകുന്ന വസ്തുവിന്റെ വില വാല്യുവേഷൻ ആഫീസർമാർ വളരെ കുറച്ചുവയ്ക്കുന്നതുകൊണ്ട് വൈഷമ്യമുണ്ടാകുന്നുണ്ട്. ഇതു പരിഹരിക്കാൻ പ്രായോഗികമായ മാർഗ്ഗം ആവിഷ്കരിക്കുമോ?

ശ്രീ. എസ്. വരദരാജൻ നായർ: എന്താണു പ്രായോഗികമായിട്ടു ചെയ്യേണ്ടതെന്നു നിർദ്ദേശിക്കാമെങ്കിൽ പരിശോധിക്കാൻ ഇടപാടുചെയ്യാം.

ശ്രീ. ഇ. പി. ഗോപാലൻ: കെ. എഫ്. സി. യിൽനിന്നു കൊടുക്കുന്ന പണത്തിന്റെ പലിശ വർദ്ധിപ്പിച്ചപ്പോൾ ചെറുകിടവ്യവസായികൾക്കു കുറവുചെയ്തുകൊടുക്കാമെന്നു പറഞ്ഞിരുന്നു. പിന്നെ ഒന്നും ഉണ്ടാകാത്തതിനെപ്പറ്റി ചെറുകിടവ്യവസായികൾ നിവേദനം നൽകിയിട്ടുണ്ടോ?

ശ്രീ. എസ്. വരദരാജൻ നായർ: ഒരു ചരിത്രം ഉള്ള സംഭവമാണ് ഇത്. എന്റെ കൈവശം അതിന്റെ റിക്കാർഡുകളില്ല. ഓർമ്മയിൽനിന്നു പറഞ്ഞാൽ പിശകു വരും. വിശദമായി ഒരു നോട്ടു തരാം.

ശ്രീ. പി. ബാലൻ: ചിലർക്ക് എല്ലാ രേഖകളും കൃത്യമായി ഉണ്ടാക്കിയിട്ടും ലോൺ കിട്ടാതിരിക്കുകയും വേണ്ടത്ര രേഖകളില്ലാതെ ചില പ്രത്യേക ഏജൻസികൾ മുഖേന സമീപിച്ചവർക്കു എളുപ്പം കിട്ടുകയും ചെയ്യുന്നതു ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ നടപടി സ്വീകരിക്കുമോ?

ശ്രീ. എസ്. വരദരാജൻനായർ: എളുപ്പത്തിൽ പറയാവുന്ന കാര്യങ്ങളാണിതൊക്കെ. ചിലപ്പോൾ ചില ഭാഗങ്ങൾ വന്നിരിക്കുകയും ചെയ്യും. സ്പെസിഫിക്കായിട്ടു ചൂണ്ടിക്കാണിച്ചാൽ തീർച്ചയായിട്ടും നടപടിയെടുക്കാം.

ശ്രീ. ഈപ്പൻ വർഗീസ്: കെ. എഫ്. സി. യുടെ ലോൺ കൊടുത്താൽ തിരിച്ചടയ്ക്കാത്തവരുടെ പേരിൽ റവന്യൂറെക്കവറി നടപടി കൈക്കൊള്ളണമെന്നു ബോർഡിൽനിന്നു റെക്കമെൻഡേഷൻ വന്നിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തു നടപടിയെടുത്തു?

ശ്രീ. എസ്. വരദരാജൻ നായർ: വന്നിട്ടുണ്ട്. അംഗീകരിച്ചിട്ടും ഉണ്ട്.

ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി: ആശുപത്രി നിർമ്മിക്കാൻ ലോണനുവദിക്കുമെന്നു കെ. എഫ്. സി. യുടെ തീരുമാനമായി പത്രത്തിൽ വന്നിരുന്നു. അതു നടപ്പിൽ വരുത്തിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. വരദരാജൻ നായർ: അപേക്ഷ വന്നിട്ടുണ്ടോ എന്ന് അറിഞ്ഞുകൂടാ.

ശ്രീ. പി. ആർ. ശിവൻ: ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി കേട്ടിട്ട് പലതിലും സംശയം വന്നിരിക്കുന്നു. ബഡ്ജറ്റു പ്രസംഗത്തിലും ഔദ്യോഗിക രേഖകളിലും സമയബന്ധിത പരിപാടിയെന്നും തീവ്രയത്ന പരിപാടിയെന്നും അത്യുൽപാദനമെന്നും ഒക്കെ പറയുന്നത് വാചകങ്ങളുടെ മനോഹാരിതയ്ക്കുവേണ്ടിയാണോ ?

ശ്രീ. എസ്. വരദരാജൻ നായർ: സന്ദർഭമനുസരിച്ചിരിക്കും.

ശ്രീ. പി. പി. എസ്തോസ്: എല്ലാ ഭാഗത്തുനിന്നും കെ. എഫ്. സി. യുടെ പൊതുവായ പ്രവർത്തനങ്ങളെപ്പറ്റി പരാതികളും ഉയർന്നു വന്നിരിക്കുകയാണ്. എന്റെ അനുഭവത്തിലുള്ള കേസ് എന്ന നിലയ്ക്കു പറഞ്ഞാൽ, അവിടെ വാല്യുവേഷൻ ആഫീസർ, ലോ ആഫീസർ എന്നിങ്ങനെയുള്ള ആഫീസർമാരുണ്ട്. അവർ വ്യക്തമായും കമ്മീഷൻ വച്ചിരിക്കുകയാണ്; രണ്ടു ശതമാനവും അഞ്ചു ശതമാനവുമൊക്കെ കമ്മീഷൻ കൊടുക്കാതെ ഈ ആഫീസർമാരുടെ തടസ്സങ്ങളും തീരുകയില്ല. ആരോപണമായി ഉയർന്നുവന്നിട്ടുള്ള വിവിധ കേസുകളെപ്പറ്റി സമഗ്രമായ അന്വേഷണം നടത്താൻ ധനകാര്യമന്ത്രി തയ്യാറാകുമോ?

ശ്രീ. എസ്. വരദരാജൻനായർ: ആരോപണം വന്നുവെന്നു പറയുന്നതു ശരിയല്ല. സ്പെസിഫിക്കായിട്ടുള്ള ഒരാരോപണവും വന്നിട്ടില്ല. സ്പെസിഫിക്കായിട്ടുള്ള ആരോപണം ശ്രദ്ധയിൽ പെടുത്തിയാൽ തീർച്ചയായും കർശനമായ നടപടി എടുക്കാം.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഫൈനാൻഷ്യൽ കോർപ്പറേഷൻ സാധാരണയായി ചെറിയ വ്യവസായങ്ങൾക്കാണ് പണം കൊടുക്കുന്നത്. ഫൈനാൻഷ്യൽ കോർപ്പറേഷൻ ഫൈനാൻസ് ചെയ്തിട്ട് നടത്തുന്നതായി നിലവിലുള്ള എത്ര വ്യവസായങ്ങൾ ഉണ്ടെന്ന് അന്വേഷിക്കാമോ? പണം വാങ്ങിയിട്ട് വ്യവസായം നടത്തുന്നുണ്ടോ എന്നന്വേഷിക്കാമോ?

ശ്രീ. എസ്. വരദരാജൻ നായർ: അന്വേഷിക്കാൻ വേണ്ട നിർദ്ദേശം നൽകാം.

ശ്രീ. ലോനപ്പൻ നമ്പാടൻ: കെ. എഫ്. സി. യിൽ ലോണിനപേക്ഷിച്ച് കൊല്ലങ്ങളും കഴിഞ്ഞിട്ട് ആളുകൾ നിരാശരായി ആത്മഹത്യവരെ ചെയ്തതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. എസ്. വരദരാജൻ നായർ: ആത്മഹത്യയെപ്പറ്റി അറിഞ്ഞിട്ടില്ല.

ശ്രീ. എസ്. ത്യാഗരാജൻ: ലോൺ കിട്ടുന്നതിനുവേണ്ടി സമർപ്പിക്കുന്ന പ്രോജക്ടറിപ്പോർട്ടും ടെക്നിക്കൽ നോഹൗവും താൽപര്യമുള്ള മറ്റാളുകൾക്ക് കെ. എഫ്. സി. യിൽനിന്ന് കൈമാറുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? കാർബൺ വ്യവസായത്തിന്റെ ടെക്നിക്കൽ നോഹൗ എറണാകുളത്തുള്ള ഒരു സ്ഥാപനത്തിനു കൈമാറിയതായി പരാതിയുണ്ടായിട്ടുണ്ടോ?

ശ്രീ. എസ്. വരദരാജൻ നായർ: പരാതി എന്റെ ശ്രദ്ധയിൽ വന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: പ്രത്യേകം ചൂണ്ടിക്കാണിച്ചാൽ നടപടിയെടുക്കാമെന്നു പറഞ്ഞു. മെമ്പർമാർ ചൂണ്ടിക്കാണിച്ചത് പ്രത്യേകം തന്നെയാണ്. തീരുമാനമുണ്ടാകണമെങ്കിൽ അവിടെ ചുറ്റിപ്പറ്റി നടക്കുന്ന ചില ആളുകളുമായി ബന്ധപ്പെടണം. അതിനു കമ്മീഷനും ഉണ്ട്. അതിനെപ്പറ്റി അന്വേഷണം നടത്തുമോ? നടപടി സ്വീകരിക്കുമോ?

ശ്രീ. എസ്. വരദരാജൻ നായർ: ജനാൽ എന്നും സ്പെസിഫിക്ക് എന്നും പറയുന്നതിനെപ്പറ്റി എനിക്കറിയും ബഹുമാനപ്പെട്ട മെമ്പറുടെയും വീക്ഷണത്തിലുള്ള വ്യത്യാസംകൊണ്ടായിരിക്കും. 'എ' എന്ന ആൾ ഇത്ര രൂപയ്ക്കു അപേക്ഷിച്ചു എന്നും അതിൻമേൽ ഇന്ന കാര്യം ചെയ്തു എന്നും ഒക്കെ പറഞ്ഞാൽ ആ കാര്യത്തെപ്പറ്റി അന്വേഷിക്കാം.

ശ്രീ. കെ. ചന്ദ്രശേഖരൻ: കെ. എഫ്. സി. യിൽനിന്നു ലോൺ കിട്ടണമെങ്കിൽ അഴിമതിയുടെ കൂടാരത്തിൽക്കൂടി കടന്നാൽ മാത്രമേ സാധിക്കുകയുള്ളു എന്ന കാരണത്താൽ ഇതിനെപ്പറ്റി അന്വേഷിക്കാനും വേണ്ട നടപടി എടുക്കാനും അതിനു വേണ്ടിവന്നാൽ പോലീസിന്റെ സഹായംകൂടി സ്വീകരിക്കാനും തയ്യാറാകുമോ? അഴിമതിയുടെ കൂടാരത്തിൽക്കൂടി കടക്കുമ്പോഴും കൊടുക്കുന്ന വായ്പയായതുകൊണ്ട് വളരെയധികം വായ്പ തിരിച്ചുകിട്ടുന്നില്ലെന്നുള്ളതു ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. എസ്. വരദരാജൻ നായർ: കൊടുത്ത വായ്പകളും തിരിച്ചു കിട്ടുന്നില്ല എന്നുള്ള ആരോപണം ശരിയല്ല. താരതമ്യേന മറ്റു സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നു കൊടുക്കുന്ന വായ്പകളെ അപേക്ഷിച്ച് തിരിച്ചു കിട്ടുന്ന ശതമാനം കൂടുതലാണ്. ശ്രീ. ചന്ദ്രശേഖരൻ പറഞ്ഞു എന്നതു കൊണ്ട് ജനറലായിട്ടുള്ളത് സ്പെസിഫിക് ആകുമോ എന്നറിഞ്ഞുകൂടാ. അഴിമതി എന്ന ആവരണം ഇട്ടാൽ അന്വേഷിക്കണം എന്നതു പ്രയാസമാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഇവിടെ സ്പെസിഫിക്കായി ആണ് ചൂണ്ടിക്കാണിച്ചത്. ഇന്നയിന്ന രീതിയിലുള്ള അഴിമതി ഉണ്ടെന്നു പറഞ്ഞാൽ അതിന് ഇന്ന ആളുകളുടെ പെറ്റീഷൻ ഞങ്ങൾ തരണമെന്നാണോ? അപേക്ഷ കൊടുക്കുന്ന കാര്യത്തിലും വാല്വേഷന്റെ കാര്യത്തിലും പാസ്സാക്കുന്ന കാര്യത്തിലും എല്ലാം എഞ്ജിനീയർക്ക് കമ്മീഷൻ കൊടുക്കണം. എങ്കിൽ മാത്രമേ പാസ്സാക്കുകയുള്ളു. അതിൽ അഴിമതിയുണ്ട്. അതിന്റെ പേരിലാണ് ആത്മഹത്യ ചെന്നത്. അതുകൊണ്ട് ഇതിനെപ്പറ്റിയെല്ലാം അന്വേഷിക്കാൻ തയ്യാറാകുമോ ?

ശ്രീ. എസ്. വരദരാജൻ നായർ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് യഥാർത്ഥത്തിൽ എനിക്ക് മനസ്സിലായില്ല. ഈ കൊടുക്കുന്നതിലെല്ലാം അഴിമതി ഉണ്ടെന്നു പറഞ്ഞാൽ ഈ കൊടുക്കുന്ന എല്ലാ അപേക്ഷകളും പരിശോധിക്കാൻ സാധിക്കുമോ ? നേരെമറിച്ച് ഒരു അപേക്ഷയിൻമേൽ എന്തെങ്കിലും നടന്നിട്ടുണ്ടെന്നു പറഞ്ഞാൽ സംശയകരമായ സാഹചര്യങ്ങളിലാണ് അത് സംഭവിച്ചിട്ടുള്ളതെന്നുണ്ടെങ്കിൽ പ്രഥമദൃഷ്ട്യാ ഒരു തെറ്റ് ഉണ്ടെന്നു മനസ്സിലാക്കാമെന്നുള്ളതല്ലാതെ കൊടുത്തിട്ടുള്ള അപേക്ഷകളെല്ലാം അതിന്റെ വ്യവസ്ഥകളെല്ലാം പരിശോധിക്കണമെന്നു പറയുന്നത് അത്ര എളുപ്പമാണെന്ന് തോന്നുന്നില്ല. അതിലേക്ക് ശ്രമിക്കുന്നതും അപകടകരമായിരിക്കും.

ശ്രീ. വി. ജെ. ജോസഫ് : പ്രധാന ധനകാര്യ സ്ഥാപനമായ കെ. എഫ്. സി. യെപ്പറ്റി പരാതികളും ആക്ഷേപങ്ങളും ഉണ്ടായിരിക്കു

LIBRARY ARCHIVES Kerala Legislative Assembly

കയാണ്. അതിന്റെ വെളിച്ചത്തിൽ ഇതിനെപ്പറ്റി പഠിക്കാനും ശാശ്വതമായ പരിഹാരം കാണാനുംവേണ്ടി കെ. എഫ്. സി. യെ ജനങ്ങൾക്ക് പ്രയോജനപ്രദമായ ഒരു സ്ഥാപനമാക്കി വളർത്തിക്കൊണ്ടുവരാനുള്ള റിപ്പോർട്ട് സമർപ്പിക്കാൻവേണ്ടി ഒരു വിദഗ്ദ്ധ കമ്മീഷനെ നിയമിക്കാൻ തയ്യാറാകുമോ ?

ശ്രീ. എസ്. വരദരാജൻ നായർ : ഈ റിപ്പോർട്ടുകളെല്ലാം നോക്കിയതിനുശേഷമാണ് കെ. എഫ്. സി. ഉണ്ടാക്കിയത്. പക്ഷേ നിർഭാഗ്യവശാൽ പല കാരണങ്ങളാലും നിരാശപ്പെട്ട അപേക്ഷകർ, ചിലപ്പോൾ വായ്പ കിട്ടാൻ അർഹതയില്ലാത്തവരും അപൂർവ്വം അർഹതപ്പെട്ട ആളുകളും കിട്ടാതാവുന്ന നിരാശയിൽനിന്നും അവർ ആരോപണങ്ങളും ഉന്നയിക്കുന്നു എന്നുള്ളതേ ഉള്ളൂ. വ്യക്തമായ ആരോപണങ്ങളും ശ്രദ്ധയിൽ വരികയും പരിഹാരം ഉണ്ടാക്കുന്നതിനുള്ള നടപടികളും സത്വരമായി എടുക്കുകയും ചെയ്തിട്ടുണ്ടെന്നുള്ള കാര്യം ഓർമ്മിപ്പിക്കുന്നതോടൊപ്പംതന്നെ ഈ സ്ഥാപനത്തിൽ അഴിമതി കുറവാണെന്നു പറയുന്നതിൽ സന്തോഷമുണ്ട്.

യൂണിഫോറത്തിനുള്ള തുണി കെട്ടിക്കിടക്കുന്നതായി പരാതി

*582 [620] ശ്രീ. എൻ. ഭാസ്കരൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ ;

(എ) സ്കൂളുകുട്ടികൾക്ക് മിതമായ നിരക്കിൽ യൂണിഫോറം വിതരണം ചെയ്യുവാൻ ഗവൺമെന്റ് സംഭരിച്ച തുണിയിൽ ഒന്നരക്കോടി രൂപയുടെ തുണി കെട്ടിക്കിടക്കുന്നതായി കേട്ട വാർത്ത ശരിയാണോ ;

(ബി) ഇതു നശിച്ചു പോകാതിരിക്കാൻ എന്തു മാർഗ്ഗമാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) നിർദ്ധനരായ വിദ്യാർത്ഥികൾക്ക് സൗജന്യമായി ഈ തുണി വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ) :

(എ) അല്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എൻ. ഭാസ്കരൻ നായർ : സ്കൂളുകളിൽ യൂണിഫോറത്തിനുള്ള തുണി ഗവൺമെന്റിൽനിന്നും വാങ്ങിച്ചുകൊടുക്കുന്ന ഏർപ്പാടുണ്ടോ? ഉണ്ടെങ്കിൽ ഇങ്ങനെ വാങ്ങിച്ച തുണി അനേകം വർഷങ്ങളായി കെട്ടിക്കിടക്കുന്നു എന്നു പറയുന്നത് ശരിയാണോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : 1976-77-ൽ വിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്കൂളുകളിൽ യൂണിഫോറം കുറഞ്ഞ വിലയ്ക്ക് കൊടുക്കാനുള്ള പദ്ധതി നടപ്പിലാക്കി. ആ പദ്ധതി പ്രതീക്ഷിച്ച അത്ര വിജയകരമല്ലെന്നു തോന്നിയതിന്റെ അടിസ്ഥാനത്തിൽ 1977-78-ൽ വിദ്യാഭ്യാസവകുപ്പുമുഖേനയുള്ള തുണിവിതരണം നിർത്തലാക്കുകയും മിച്ചമുണ്ടായിരുന്ന തുണി സിവിൽ സപ്ലൈസ് കോർപ്പറേഷനെയും കൺസ്യൂമേഴ്സ് ഫെഡറേഷനേയും ഏൽപ്പിക്കുകയും ചെയ്തു. 28-2-79-ന് ശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷനെ ഏൽപ്പിച്ചുകൊടുത്ത തുണി ഒട്ടും ബാക്കിയില്ല. അത് പ്രളയബാധിത പ്രദേശങ്ങളിലും മറ്റും വിതരണം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly